"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പ് - 'നമ്മുടെ കേരളം - ഡിജിറ്റൽ കേരള ഇനീഷ്യേറ്റീവ്' പദ്ധതിയുടെ സമഗ്ര രൂപരേഖയും, നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ (സി) വകുപ്പ്

സ.ഉ.(സാധാ) നം.228/2025/ITD തീയതി,തിരുവനന്തപുരം, 29-09-2025

പരാമർശം:- 25/08/2025- ലെ യോഗ തീരുമാനങ്ങൾ

ഉത്തരവ്

കേരളം ഇ-ഗവേണൻസ് രംഗത്ത് ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. ഡിജിറ്റൽ യുഗത്തിലെ പൗരന്മാരുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിനായി ഏറ്റവും ആധുനികമായ സാങ്കേതികവിദ്യകൾ സംയോജിപ്പിച്ച് തൽക്ഷണ സേവനവിതരണം സാധ്യമാക്കുന്ന റിയൽ ടൈം ഗവേണൻസ്, വിവിധ വകുപ്പുകൾ തമ്മിലുള്ള സുഗമമായ വിവരവിനിമയം, എല്ലാ വിഭാഗം ജനങ്ങളെയും ഡിജിറ്റൽ യുഗത്തിലേക്ക് കൊണ്ടുവരാനുള്ള സാങ്കേതിക സാക്ഷരതാ സാധ്യതകൾ എന്നിവ വിജയകരമായി പ്രയോജനപ്പെടുത്തി മികച്ച സിറ്റിസൺ എക്സ്പീരിയൻസ് സൃഷ്ടിക്കുന്നതിനും പുതിയ ഡിജിറ്റൽ ഗവേണൻസ് സ്റ്റാൻഡേർഡ് രൂപീകരിക്കുന്നതിനും ഒരു സമഗ്ര പദ്ധതി ആവശ്യമാണ്. ഈ ലക്ഷ്യത്തോടെയാണ് 'നമ്മുടെ കേരളം - ഡിജിറ്റൽ കേരള ഇനീഷ്യേറ്റീവ്' എന്ന ഒരു സമഗ്ര പദ്ധതി രൂപീകരിക്കുന്നത്.

2. ഈ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നാല് ഉപ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

സേവന കേരളം: : എല്ലാ പൗരന്മാർക്കും സുതാര്യവും മികച്ച സിറ്റിസൺ എക്സ്പീരിയൻസോടു കൂടിയതുമായ സേവനങ്ങൾ ഉറപ്പാക്കുക എന്നതാണ് ഈ ഉപ പദ്ധതിയുടെ ലക്ഷ്യം. തൽക്ഷണ സേവനവിതരണം, ഉപയോക്തൃ-സൗഹൃദ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സേവനങ്ങളുടെ വേഗത്തിലുള്ള ലഭ്യത എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സദ്ഭരണ കേരളം: സർക്കാർ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനങ്ങളിൽ ആധുനികവൽക്കരണം കൊണ്ടുവരുന്നതിനും ഈ ഉപ പദ്ധതി ലക്ഷ്യമിടുന്നു. ഇത് വകുപ്പുകൾ തമ്മിലുള്ള സഹകരണവും വിവരവിനിമയവും മെച്ചപ്പെടുത്തി ഭരണപരമായ തടസ്സങ്ങൾ കുറയ്ക്കുകയും സേവന വിതരണം കൂടുതൽ സുഗമമാക്കുകയും ചെയ്യും.

ഭാവി കേരളം: എ.ഐ./എം.എൽ., ബ്ലോക്ക്ചെയിൻ, എ.ആർ/വി.ആർ, ഐ.ഒ.ടി. തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ സർക്കാർ സേവനങ്ങളിൽ സംയോജിപ്പിക്കുക എന്നതാണ് ഈ ഉപ പദ്ധതിയുടെ ലക്ഷ്യം. ഈ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഭാവിയിലെ ആവശ്യങ്ങൾക്ക്

അനുസൃതമായ ഡിജിറ്റൽ ഗവേണൻസ് സംവിധാനം നിർമ്മിക്കും.

ജനകേരളം: ഓൺലൈൻ സുരക്ഷയെക്കുറിച്ചും 'സേഫ്ടെക്' (SafeTech) സമ്പ്രദായത്തെക്കുറിച്ചും പൗരന്മാരെ ബോധവൽക്കരിക്കുക എന്നതാണ് ഈ ഉപ പദ്ധതിയുടെ ലക്ഷ്യം. ഡിജിറ്റൽ സാക്ഷരത വർദ്ധിപ്പിക്കുന്നതിനും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും ഈ പദ്ധതി പ്രവർത്തനങ്ങൾ സഹായകരമാകും.

3. 'നമ്മുടെ കേരളം - ഡിജിറ്റൽ കേരള ഇനീഷ്യേറ്റീവ്' പദ്ധതിയുടെ നിർവ്വഹണ മാർഗ്ഗരേഖ താഴെപ്പറയും വിധം അംഗീകരിച്ച് ഉത്തരവാകുന്നു.

I) 'സേവന കേരളം' നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കുക.

എ) പൗരന്മാർക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിയ്ക്കുന്നതിനായി എല്ലാ സർക്കാർ ഓൺലൈൻ സേവനങ്ങളും 'മൊബൈൽ ഫസ്റ്റ്', 'മലയാളം ഫസ്റ്റ്', 'പ്രവേശനക്ഷമത' (accessibility) നയങ്ങൾ പാലിച്ച് ഓരോ പൗരനും ഒരു ഏകീകൃത ഡിജിറ്റൽ ഐഡന്റിറ്റി മുഖേന മാത്രം നൽകേണ്ടതാണ്.

ബി) എല്ലാ ഓൺലൈൻ സേവനങ്ങളും സേവനാവകാശ നിയമം പാലിച്ച് മാത്രം നൽകേണ്ടതാണ്. ഇത് നടപ്പിലാക്കുന്നതിനായി എല്ലാ സർക്കാർ പോർട്ടലുകളിലും ആവശ്യമുള്ള മാറ്റങ്ങൾ യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോമിന്റെ (യു.എസ്.ഡി.പി) കീഴിൽ സംസ്ഥാന യൂണിഫൈഡ് ഡാഷ്ബോർഡിൽ വരേണ്ടതും, വിവരങ്ങൾ തത്സമയം ജനങ്ങൾക്ക് കാണുന്നതിനായി ആവശ്യമുള്ള അപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇൻ്റർഫേസ് (എ.പി.ഐ) വികസിപ്പിക്കുന്നതിന് വേണ്ട നടപടികൾ വകുപ്പുകൾ സ്വീകരിക്കേണ്ടതും ആയത് കേരള സംസ്ഥാന ഐ.ടി. മിഷന് ലഭ്യമാക്കേണ്ടതുമാണ്.

സി) സർക്കാർ നൽകുന്ന ഡിജിറ്റൽ സേവനങ്ങളിൽ പൗരന്മാർക്ക് അവരുടെ സംതൃപ്തി ഓരോ സേവനവും ലഭിച്ചയുടൻ തന്നെ രേഖപ്പെടുത്തുന്നതിന് പോർട്ടലുകളിൽ സൗകര്യം ഒരുക്കുന്നതിനായി വകുപ്പുകൾ സ്വന്തം നിലയ്ക്കും കേരള സംസ്ഥാന ഐ.ടി. മിഷൻ സ്വതന്ത്രമായും വിലയിരുത്തൽ നടത്തി 'കേരള സിറ്റിസൺ എക്സ്പീരിയൻസ്' സൂചിക (കേരള സി.എക്സ് സൂചിക) നടപ്പിൽ വരുത്തേണ്ടതാണ്.

ഡി) യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോം (യു.എസ്.ഡി.പി), 'നമ്മുടെ കേരളം' മൊബൈൽ ആപ്പ്;

i) പ്രത്യേക വകുപ്പുതല പോർട്ടലുകൾ സന്ദർശിക്കാതെ ഓൺലൈൻ സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ, യൂട്ടിലിറ്റി പേയ്മെന്റുകൾ, പരാതി പരിഹാരം, അറിയിപ്പുകൾ മുതലായവ പൗരന്മാർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള ഏകജാലക ഡിജിറ്റൽ ഇന്റർഫേസായി യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോമും മൊബൈൽ അപ്ലിക്കേഷൻ ആയി 'നമ്മുടെ കേരളം' മൊബൈൽ ആപ്പും സർക്കാർ തയ്യാറാക്കി വരുന്നു. ഇവ

പ്രാവർത്തികമായതിനുശേഷവും വകുപ്പുകളുടെ പോർട്ടലുകളും, ബാക്കെൻഡ് സിസ്റ്റങ്ങളും തുടർന്നും പ്രവർത്തിക്കുന്നതായിരിക്കും.

ii) യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോം(യു.എസ്.ഡി.പി), 'നമ്മുടെ കേരളം' മൊബൈൽ ആപ്പ് എന്നിവ മുഖേന ജനങ്ങൾക്ക് സേവനങ്ങൾ എളുപ്പത്തിൽ നൽകുന്നതിന് എല്ലാ വകുപ്പുകളും അതത് ടോട്ടൽ സൊല്യൂഷൻസ് പ്രൊവൈഡർമാരുടെ സഹായത്തോടെ അപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇൻ്റർഫേസ് (എ.പി.ഐ) തയ്യാറാക്കി സെക്യൂരിറ്റി ഓഡിറ്റ് ചെയ്ത് നൽകേണ്ടതാണ്. ഇത് വകുപ്പിന്റെ നിലവിലുള്ള ഇ-ഗവേണൻസ്/ഐടി പദ്ധതിയുടെ ഭാഗമായി ചെയ്യേണ്ടതാണ്.

iii) എല്ലാ വകുപ്പുകൾക്കും യു.എസ്.ഡി.പി.-യിലെ പേയ്മെന്റ് ഉപയോഗിക്കാം. ആവശ്യമുള്ളിടത്തെല്ലാം വകുപ്പുകൾ ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിനുള്ള ഫോമുകൾ ലളിതമാക്കുകയും ആധാർ അധിഷ്ഠിത പരിശോധനയ്ക്ക് പ്രാപ്തമാക്കുകയും ചെയ്യേണ്ടതാണ്.

iv) രേഖകൾ സുരക്ഷിതമായി ശേഖരിച്ച് സൂക്ഷിക്കുന്നതിനും ആവശ്യമുള്ള സമയത്ത് വീണ്ടെടുക്കുന്നതിനും യു.എസ്.ഡി.പി.-യിൽ സംയോജിപ്പിക്കുന്ന ഡിജിലോക്കർ സൗകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്.

v) വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ടോട്ടൽ സൊല്യൂഷൻസ് പ്രൊവൈഡർമാരും (ടി.എസ്.പി) അപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇന്റർഫേസ് (എ.പി.ഐ) ജനറേഷൻ, ഇന്റഗ്രേഷൻ, ബാക്കെൻഡ് പരിഷ്കാരങ്ങൾ എന്നിവയ്ക്കുള്ള സാങ്കേതിക പിന്തുണ നൽകേണ്ടതാണ്.

vi) വകുപ്പുകളുടെ സേവനങ്ങൾ യു.എസ്.ഡി.പി-യുമായി ഇന്റഗ്രേറ്റ് ചെയ്ത ശേഷം ഭാവിയിൽ വകുപ്പുകൾ അവരുടെ സിസ്റ്റങ്ങളിൽ എന്ത് മാറ്റം വരുത്തിയാലും കേരള സംസ്ഥാന ഐ.ടി. മിഷനുമായി സഹകരിച്ച് ചെയ്യേണ്ടതും ആയത് മുൻകൂട്ടി അറിയിച്ച ശേഷം യു.എസ്.ഡി.പി-യിൽ മാറ്റങ്ങൾ പ്രതിഫലിക്കുന്നുണ്ടെന്ന് അതത് വകുപ്പുകൾ ഉറപ്പാക്കുകയും വേണം. ഇതിനായി ഒരു ഓൺലൈൻ സംവിധാനം വികസിപ്പിക്കേണ്ടതാണ്.

vii) എല്ലാ സർക്കാർ പോർട്ടലുകളിലും കേരള സംസ്ഥാന ഐ.ടി. മിഷൻ തയ്യാറാക്കുന്ന എ.ഐ ചാറ്റ്ബോട്ട് (AI Chatbot), വാട്ട്സാപ്പ് (Whatsapp) എന്നിവ മുഖേന ജനങ്ങൾക്ക് സേവനങ്ങൾ എളുപ്പത്തിൽ നൽകുന്നതിന് എല്ലാ വകുപ്പുകളും അവരുടെ സർവ്വീസ് പ്രൊവൈഡർമാരുടെ സഹായത്തോടെ അപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇൻ്റർഫേസ് (എ.പി.ഐ) തയ്യാറാക്കി നൽകേണ്ടതാണ്. ഇത് വകുപ്പിന്റെ നിലവിലുള്ള ഇ-ഗവേണൻസ്/ഐടി പദ്ധതിയുടെ ഭാഗമായി ചെയ്യേണ്ടതാണ്. തയ്യാറാക്കുന്ന അപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇന്റർഫേസുകൾ (എ.പി.ഐ) വകുപ്പുകൾ തന്നെ സെക്യൂരിറ്റി ഓഡിറ്റ് ചെയ്ത നൽകേണ്ടതുമാണ്.

II) 'സദ്ഭരണ കേരളം' നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കുക.

(1) യൂണിഫൈഡ് രജിസ്ട്രി -

എ) കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെയും നൽകുന്ന സാമൂഹ്യക്ഷേമ ആനുകൂല്യങ്ങളുടെയും വിവരങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി 'യൂണിഫൈഡ് രജിസ്ട്രി' എന്ന പേരിൽ ഒരു ഏകീകൃത രജിസ്ട്രി കേരള സംസ്ഥാന ഐ.ടി മിഷൻ തയാറാക്കിവരുന്നു. പൗരന്മാർക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളുടെയും സേവനങ്ങളുടെയും വിവരങ്ങൾ എല്ലാ വകുപ്പുകളും ഈ രജിസ്ട്രിയിൽ സൂക്ഷിക്കേണ്ടതാണ്.

ബി) സാമൂഹ്യ സുരക്ഷ /സാമൂഹ്യ ക്ഷേമവുമായും മറ്റും ബന്ധപ്പെട്ട എല്ലാ അപ്ലിക്കേഷനുകളും സമാനമായ മറ്റ് സേവനങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ വകുപ്പുതല അപ്ലിക്കേഷനുകളും യൂണിഫൈഡ് രജിസ്ട്രിയുമായി നിർബന്ധമായും സംയോജിപ്പിക്കേണ്ടതും അവയുടെ ഡാറ്റ, ക്ലീനിങ് നടത്തി യൂണിഫൈഡ് രജിസ്ട്രിയിൽ സൂക്ഷിക്കേണ്ടതുമാണ്.

സി) വകുപ്പുകൾ അവരുടെ ഗുണഭോക്താക്കൾക്ക് യൂണിഫൈഡ് രജിസ്ട്രിയിൽ സോഷ്യൽ പ്രൊട്ടക്ഷൻ ഐ.ഡി. ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ഡി) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ആക്സസ് ചെയ്യുന്നതിനും, പദ്ധതിയുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഡാറ്റ കൈമാറ്റം ചെയ്യുന്നതിനും വകുപ്പുകൾ യൂണിഫൈഡ് രജിസ്ട്രി ഉപയോഗിക്കേണ്ടതാണ്.

ഇ) വകുപ്പുകൾ, യൂണിഫൈഡ് രജിസ്ട്രി പോർട്ടലിലൂടെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും (Scheme Planning) ഡാഷ്ബോർഡുകളിലൂടെ പദ്ധതികളുടെ ഫണ്ട് വിനിയോഗം മോണിറ്റർ ചെയ്യുകയും വേണം.

എഫ്) ഒരു ഗുണഭോക്താവ് അപേക്ഷിക്കാനുദ്ദേശിക്കുന്ന ഓരോ പദ്ധതിക്കും യൂണിഫൈഡ് രജിസ്ട്രിയിൽ നേരിട്ട് ഓൺലൈനായി അപേക്ഷാ സമർപ്പണം സാധ്യമാക്കുന്നതിനും മറ്റ് പദ്ധതികൾക്ക്, എ.പി.ഐ-കൾ വഴി മുൻകൂട്ടി പൂരിപ്പിച്ച അപേക്ഷകന്റെ ഡാറ്റയുമായി യു.എസ്.ഡി.പി പോർട്ടലിലേക്കുള്ള തടസ്സമില്ലാത്ത വിവരകൈമാറ്റം നൽകുന്നതിനും അപേക്ഷാ ട്രാക്കിങ്ങിനും പരാതി സമർപ്പണത്തിനും സിസ്റ്റത്തിൽ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(2) സ്റ്റേറ്റ് ഡാറ്റ എക്സ്ചേഞ്ച് പ്ലാറ്റ്ഫോം

എ) വകുപ്പുകൾ തമ്മിൽ തടസ്സമില്ലാതെ ഡാറ്റ പങ്കിടുന്നത് ഉറപ്പാക്കുന്നതിനായി ഒരു ഡാറ്റ എക്സ്ചേഞ്ച് നയം തയ്യാറാക്കേണ്ടതും ഒരു സ്റ്റേറ്റ് ഡാറ്റ എക്സ്ചേഞ്ച് പ്ലാറ്റ്ഫോം സജ്ജീകരിക്കേണ്ടതുമാണ്. ഇതിനായി ഓപ്പൺ എ.പി.ഐ.കൾ നൽകുകയും സർക്കാരിന്റെ ഓപ്പൺ എ.പി.ഐ, ഓപ്പൺ ഡാറ്റ നയം പാലിക്കുകയും വേണം.

ബി) എല്ലാ വകുപ്പുകളും അവരുടെ പക്കലുള്ള ഡാറ്റകൾ സ്റ്റേറ്റ് ഡാറ്റ എക്സ്ചേഞ്ച് പ്ലാറ്റ്ഫോമിൽ ചേർക്കേണ്ടതും കേരള സ്റ്റേറ്റ് ഡാറ്റ പോളിസിയിനുസരിച്ച് മറ്റു വകുപ്പുകളുമായി ഡാറ്റാ പങ്കിടുന്നതിനായി എ.പി.ഐ/ചേഞ്ച് ഡാറ്റ ക്യാപ്ചർ (CDC) രീതികളിലൂടെ സ്റ്റേറ്റ് ഡാറ്റാ എക്സ്ചേഞ്ച് പ്ലാറ്റ്ഫോമുമായി സംയോജിപ്പിക്കേണ്ടതുമാണ്.

സി) സ്റ്റേറ്റ് ഡാറ്റാ എക്സ്ചേഞ്ച് പ്ലാറ്റ്ഫോം ഉപയോഗിച്ച് സുതാര്യവും സുഗമവും ആയ ഡാറ്റ കൈമാറ്റം ഉറപ്പാക്കുന്നതിനായി ഒരു കേരള സ്റ്റേറ്റ് ഡാറ്റ പോളിസി പുറപ്പെടുവിക്കുന്നതാണ്.

(3) ഭരണത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനായി വികസിപ്പിക്കുന്ന പൊതു അപ്ലിക്കേഷനുകൾ എല്ലാ വകുപ്പുകളും ഉപയോഗിക്കേണ്ടതാണ്.

III) 'ഭാവി കേരളം' നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കുക;

എ) ഡിജിറ്റൽ സംസ്ഥാനമെന്ന കേരളത്തിന്റെ കാഴ്ചപ്പാടിനോട് ചേർന്ന്, ഭരണം, സേവനം എന്നീ മേഖലകളിൽ എമെർജിങ് സാങ്കേതികവിദ്യകൾ (Emerging Technologies) വിന്യസിച്ച് അവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി വകുപ്പ് അദ്ധ്യക്ഷന്മാർ, ഐ.ടി. നോഡൽ ഓഫീസർമാർ എന്നിവർക്ക് ടെക്ക് ശിൽപശാലകൾ (Tech Workshop) നടത്തി യൂസ് കേസുകൾ (Use Case) കണ്ടെത്തി അവ സ്റ്റാർട്ടപ്പുകൾ, കോളേജുകൾ എന്നിവയ്ക്ക് നൽകി അനുയോജ്യമായ ഡിജിറ്റൽ സൊല്യൂഷനുകൾ കണ്ടെത്തുന്നതിനും ഈ നടപടികൾ വകുപ്പുകളുമായി ഏകോപിപ്പിക്കുന്നതിനും കേരള സംസ്ഥാന ഐ.ടി. മിഷനെ ചുമതലപ്പെടുത്തുന്നു. അങ്ങനെ കണ്ടെത്തുന്ന ഡിജിറ്റൽ സൊല്യൂഷനുകൾ ഉപയോഗിക്കുന്നതിനായി ആവശ്യമായ അനുമതികൾ സഹിതം വർക്ക് ഓർഡർ വകുപ്പുകൾക്ക് നൽകാവുന്നതാണ്.

ബി) മാർഗ്ഗനിർദ്ദേശം, വിശകലനം, സമയബന്ധിതമായ നിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിനുള്ള ഒരു ഉപകരണമായി ആവശ്യമുള്ളിടത്തെല്ലാം ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എ.ഐ) അപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിന് എല്ലാ വകുപ്പുകളും നടപടികൾ സ്വീകരിക്കേണ്ടതാണ്. എ.ഐ സൊല്യൂഷനുകൾ വിന്യസിക്കുന്നതിനിടെ ISO 42001 സ്റ്റാൻഡേർഡ് നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്.

സി) ഭരണ നിർവ്വഹണത്തിൽ എമെർജിങ് സാങ്കേതികവിദ്യകളുടെ (Emerging Technologies) ഉപയോഗം സംബന്ധിച്ച് സുരക്ഷിതവും സുസ്ഥിരവുമായ എ.ഐ നയം തയ്യാറാക്കുവാനും, എമെർജിങ് സാങ്കേതികവിദ്യകൾ (Emerging Technologies) ഉപയോഗിച്ച് ഭരണ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് കേരള സംസ്ഥാന ഐ.ടി. മിഷനെ ചുമതലപ്പെടുത്തുന്നു. ഈ ആവശ്യത്തിനായി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എ.ഐ), ഇന്റർനെറ്റ് ഓഫ് തിങ്സ്(IoT), ഓഗ്മെൻ്റഡ് റിയാലിറ്റി/ വിർച്വൽ റിയാലിറ്റി (AR/VR), ബ്ലോക്ക്ചെയിൻ (Blockchain), ഡാറ്റ അനലിറ്റിക്സ് (Data Analytics), വിദ്യഎഐ കപ്പാസിറ്റി ബിൽഡിംഗ് (VidyAI Capacity Building), എന്നിവ എല്ലാ വകുപ്പുകളും ഉപയോഗിക്കേണ്ടതാണ്.

IV) 'ജനകേരളം' നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കുക;

എ) സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത നൽകിയ തദ്ദേശ

സ്വയംഭരണ വകുപ്പിന്റെ 'ഡിജി കേരളം' പദ്ധതിയുടെ വിജയകരമായ പൂർത്തീകരണം വഴി സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 'ഡിജി കേരളം 2.0', 'സേഫ്ടെക് കേരള' ക്യാമ്പയിൻ ആരംഭിക്കേണ്ടതാണ്.

ബി) ഡിജി കേരളം 2.0 - പൗരന്മാരുടെ രേഖകൾ ഡിജി ലോക്കറുമായി ബന്ധിപ്പിക്കുക, എല്ലാ കുടുംബങ്ങൾക്കും K-SMART പോർട്ടലിൽ ID നൽകുക, എല്ലാ കുടുംബങ്ങൾക്കും സാങ്കേതിക സാക്ഷരത നൽകുക, തുടങ്ങി തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ രൂപീകരിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാൻ കഴിയുന്ന ഐ.സി.ടി. അക്കാദമി, സി-ഡിറ്റ്, കുടുംബശ്രീ, ഇതര വകുപ്പുകൾ എന്നിവരുടെ സഹകരണം കേരള സംസ്ഥാന ഐ.ടി. മിഷൻ ഉറപ്പാക്കേണ്ടതാണ്.

സി) 'സേഫ്ടെക് കേരള' - ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും സുരക്ഷിതവും ഉത്തരവാദിത്തപൂർവവുമായ ഉപയോഗം, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളും സുരക്ഷയും, സൈബർ ഭീഷണിയും ഓൺലൈൻ ഹരാസ്മെന്റും, സ്വകാര്യതയും, ഡാറ്റ സുരക്ഷയും, സ്ക്രീൻ സമയ മാനേജ്മെന്റും ഡിജിറ്റൽ വെൽനസും എന്നിവയിൽ പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള ക്യാമ്പയിൻ ആരംഭിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാൻ കഴിയുന്ന തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, ഇതര വകുപ്പുകൾ, ഐ.സി.ടി. അക്കാദമി, സി-ഡിറ്റ്, എന്നിവരുടെ സഹകരണം കേരള സംസ്ഥാന ഐ.ടി. മിഷൻ ഉറപ്പാക്കേണ്ടതാണ്.

4. 'നമ്മുടെ കേരളം - ഡിജിറ്റൽ കേരള ഇനീഷ്യേറ്റീവ്' പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളും താഴെപ്പറയുന്ന പൊതു നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

എ) 'നമ്മുടെ കേരളം - ഡിജിറ്റൽ കേരള ഇനീഷ്യേറ്റീവ്' പദ്ധതിയുടെ നിർവ്വഹണത്തിനായി എല്ലാ വകുപ്പുകളും ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പിന് പൂർണ്ണ സഹകരണം നൽകേണ്ടതും, സംസ്ഥാനത്ത് നടത്തുന്ന ഡിജിറ്റൽ വികസനത്തിന്റെ ഭാഗമായി ഇനി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാ ഡിജിറ്റൽ അപ്ലിക്കേഷനുകളും ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

ബി) ഓരോ വകുപ്പിന്റെയും ഇ-ഗവേണൻസ്/ഐ.ടി. വികസനത്തിന് വകയിരുത്തിയിട്ടുള്ള ഫണ്ട് വിനിയോഗിക്കുമ്പോൾ 'നമ്മുടെ കേരളം - ഡിജിറ്റൽ കേരള ഇനീഷ്യേറ്റീവ്' പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്.

സി) സംസ്ഥാനത്തെ എല്ലാ സർക്കാർ സേവനങ്ങളും ഏകീകൃതമായും, സുരക്ഷിതമായും, കാര്യക്ഷമമായും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും സേവനങ്ങൾ ഉപയോഗിക്കാൻ എളുപ്പവും, സുതാര്യവും, വേഗത്തിലുമുള്ള പ്ലാറ്റ്ഫോമുകൾ ഡാറ്റ സുരക്ഷയും സൈബർ സുരക്ഷയും ഉറപ്പുവരുത്തി തയ്യാറാക്കുന്നതിനും ഒരു ഡിജിറ്റൽ സേവന നയം (Digital Service Standards Document) തയ്യാറാക്കുന്നതിന് കേരള സംസ്ഥാന ഐ.ടി മിഷനെ ചുമതലപ്പെടുത്തുന്നു.

5. 'നമ്മുടെ കേരളം - ഡിജിറ്റൽ കേരള ഇനീഷ്യേറ്റീവ്' പദ്ധതി ചീഫ് സെക്രട്ടറിയുടെ

അധ്യക്ഷതയിലുള്ള സംസ്ഥാന ഐ.ടി. അപെക്സ് കമ്മിറ്റി അവലോകനം ചെയ്യേണ്ടതാണ്. ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ, ഐ.ടി മിഷൻ ഡയറക്ടർ, എല്ലാ വകുപ്പുകളിലെ ഐ.ടി നോഡൽ ഓഫീസർമാർ, ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർമാരുടെ മേധാവികൾ എന്നിവരെ അംഗങ്ങളാക്കി ഒരു നിർവ്വഹണ കമ്മിറ്റി രൂപീകരിക്കേണ്ടതും, കമ്മിറ്റി പദ്ധതിയുടെ പുരോഗതി സ്ഥിരമായി നിരീക്ഷിക്കുകയും, എല്ലാ മാസവും സംസ്ഥാന ഐ.ടി അപെക്സ് കമ്മിറ്റിയെ വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

6. 'നമ്മുടെ കേരളം - ഡിജിറ്റൽ കേരള ഇനീഷ്യേറ്റീവ്' പദ്ധതി 2026 മാർച്ച് 31-ന് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ ജയതിലക് ഐ എ എസ്
ചീഫ് സെക്രട്ടറി

1. സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
2. എല്ലാ വകുപ്പ് തലവൻമാർക്കും
3. കേരളാ സ്റ്റേറ്റ് ഐ ടി മിഷൻ, തിരുവനന്തപുരം
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ ആൻ്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) I/II, കേരളം, തിരുവനന്തപുരം.
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
ഉത്തരവിൻ പ്രകാരം
Lijin B V
Date: 29-09-2025 17:03:20
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ പി.എ-ക്ക്
ഇ& ഐ ടി ഡി സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-ക്ക്